# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5991 — 19.11.2019-ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിൽ സഹകരണ ബാങ്കുകൾ നൽകുന്ന സംഭാവന

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റ്റി.വി.രാജേഷ്<br>,, മുരളി പെരുനെല്ലി<br>,, പുരുഷൻ കടലുണ്ടി<br>,, പി. ഉണ്ണി | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിൽ വലിയ സംഭാവന നൽകുന്ന സഹകരണ മേഖല കാർഷിക മേഖലയിൽ നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിൽ വലിയ സംഭാവന നൽകുന്ന സഹകരണ മേഖല കാർഷിക മേഖലയിൽ നടത്തുന്ന ഇടപെടലുകൾ താഴെ പറയുന്നവയാണ്:-<br>• സംസ്ഥാനത്തെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിലേക്കായി നെൽ കർഷകരെ തിരികെ കൃഷിയിലേയ്ക്ക് കൊണ്ടുവരുന്നതിനും, നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നിലവിലുള്ള കാർഷിക മേഖല സംരക്ഷിച്ച് സംസ്ഥാനത്ത് നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനും നെൽകൃഷി ലാഭകരമാക്കുന്നതിനുമുള്ള ഉദ്ദേശത്തോടെ സംസ്ഥാനത്തെ വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന നെൽകർഷകർക്ക് പലിശരഹിത വായ്പ നൽകുകയും വായ്പയിന്മേലുള്ള പലിശ സംഘങ്ങൾക്ക് സർക്കാർ നൽകുകയും ചെയ്യുന്നു.<br>• സ്വന്തം ഫണ്ട് ഉപയോഗിച്ച് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലായി ഹ്രസ്വകാല കാർഷിക വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്, ഫാർമേഴ്സ് സർവ്വീസ് സഹകരണ സൊസൈറ്റി എന്നിവ നെൽകൃഷിയ്ക്കായി മുൻ വർഷത്തെ അപേക്ഷിച്ച് കൂടുതൽ വായ്പ നൽകിയിട്ടുണ്ടെങ്കിൽ വർദ്ധനവിന്റെ **5%** പരമാവധി **1** ലക്ഷം രൂപ വരെ പ്രോത്സാഹന സഹായം നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | • കഴിഞ്ഞ വർഷം അനുവദിച്ച മൊത്തം കാർഷിക വായ്പയേക്കാൾ 20 ശതമാനത്തിൽ കൂടുതൽ തുക നെൽകൃഷിക്കായി വായ്പ നൽകുന്ന ഓരോ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കും ഗ്രാന്റായി പരമാവധി 25000/- രൂപ നിരക്കിൽ പ്രോത്സാഹന സഹായം നൽകി വരുന്നുണ്ട്.<br>• സഹകരണ സംഘത്തിന് കൊയ്ത്ത്മെതി യന്ത്രം വാങ്ങുന്നതിന് പ്രോത്സാഹന ഗ്രാന്റായി വിലയുടെ **20** ശതമാനമോ **4** ലക്ഷം രൂപയോ ഏതാണോ കുറവ് ടി തുക നൽകി വരുന്നുണ്ട്.<br>• സഹകരണ സ്ഥാപനങ്ങൾ നെൽകൃഷിയ്ക്കായി കർഷകനു നൽകിയ പലിശരഹിത വായ്പയ്ക്ക് സഹകരണ സ്ഥാപനങ്ങൾ നൽകുന്ന അംഗീകൃത ഇൻഷ്വറൻസ് പ്രീമിയം തുക തിരിച്ചു നൽകുന്നതിന് ധനസഹായം നൽകുന്ന വ്യവസ്ഥയുണ്ട്.<br>• ഹൈടെക് കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും ഹരിത ഭവനങ്ങൾ സ്ഥാപിക്കുന്നതിനും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്.<br>• നെൽകൃഷിയ്ക്ക് വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾ, വനിതാ സംഘങ്ങൾ ഇവയുടെ കീഴിലുള്ള സ്വാശ്രയ ഗ്രൂപ്പുകൾക്ക് പ്രോത്സാഹന സഹായം നൽകിവരുന്നുണ്ട്.<br>• മേൽ പദ്ധതികൾക്ക് ഉപരിയായി കാർഷിക വായ്പയും കാർഷിക ഉത്പാദനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ സംയുക്ത പങ്കാളിത്തത്തോടെ ബൃഹത് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കി വരുന്നു.<br>• സഹകരണ സ്ഥാപനങ്ങൾ നെൽകൃഷിയ്ക്കായി പലിശ രഹിത വായ്പ നൽകുന്നതിനോടൊപ്പം കർഷകരിൽ നിന്നും ചെറിയൊരു തുക സ്വീകരിച്ച് ടി വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷയും നൽകി വരുന്നുണ്ട്. സ്വന്തം ഫണ്ട് ഉപയോഗിച്ച് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നെൽകൃഷിയ്ക്കായി ധനസാഹായം നൽകി വരുന്നു. നിലവിൽ കിസാൻ ക്രെഡിറ്റ് കാർഡുകൾ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്തിട്ടുണ്ട്. സഹകരണസംഘങ്ങൾ സ്വന്തം ഫണ്ടിൽ നിന്ന് |

| | | | |
|---|---|---|---|
| | | | പരമാവധി **7%** പലിശ നിരക്കിൽ വിതരണം ചെയ്യുന്ന **3 ലക്ഷം** രൂപവരെയുള്ള വായ്പകൾക്ക് **2%** പലിശ ഇളവും ടി വായ്പകൾ കൃത്യമായി അടക്കുന്ന കർഷകർക്ക് **3%** പലിശ ഇളവും നൽകി വരുന്നു. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേനയുള്ള കാർഷിക വായ്പാ വിതരണം, കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കൽ എന്നീ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിനായി പഞ്ചായത്ത്, കൃഷി വകുപ്പുകളുമായി സഹകരിച്ച് പ്രവർത്തിച്ചു വരുന്നു.<br>• കാർഷിക മേഖലയുമായി ബന്ധപ്പെട്ട് കേരളത്തിന്റെ നെല്ലറയായ പാലക്കാട് ആസ്ഥാനമാക്കി പാലക്കാട് പാഡി പ്രൊക്യുയർമെന്റ്, പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 1449 (PAPCOS) എന്ന പേരിൽ ഒരു സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ട്. അതിനു കീഴിൽ നെല്ല് സംഭരിച്ച് അരിയാക്കി മാറ്റുന്നതിനുള്ള സൗകര്യത്തോട് കൂടിയ ഒരു ആധുനിക റൈസ് മില്ലും സൈലോകളും (SILOS) സ്ഥാപിക്കുന്നതിനും, സംഭരിക്കുന്ന നെല്ലും അരിയും സൂക്ഷിക്കുന്നതിന് ഗോഡൗണുകൾ നിർമ്മിക്കുന്നതിനും വേണ്ടുന്ന നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ കർഷകരിൽ നിന്നും നെല്ല് സംഭരിച്ചതിന്റെ രസീത് കർഷകർ ബാങ്കുകളിൽ ഹാജരാക്കുമ്പോൾ നെല്ലിന്റെ വില കർഷകരുടെ അക്കൗണ്ടിൽ PRS (പാഡി രസീപ്റ്റ് ഷീറ്റ്) ലോൺ വഴി ലഭ്യമാക്കുന്നതിനായി സപ്ലൈക്കോയും ബാങ്കുകളും തമ്മിൽ കരാറിൽ ഏർപ്പെടുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് അപ്രകാരം ബാങ്കുകൾക്ക് നൽകുന്ന അതേ പരിഗണന നൽകി പാലക്കാട് ജില്ലയിലെ സഹകരണ സംഘങ്ങളെക്കൂടി നെല്ല് സംഭരണ പ്രക്രിയയിൽ പങ്കെടുപ്പിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിലെ നെൽ കർഷകർക്ക് പാലക്കാട് ജില്ലാ സഹകരണ ബാങ്ക് മുഖാന്തിരം നെല്ലിന്റെ വില കാലതാമസം കൂടാതെ നൽകി വരുന്നു.<br>• സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകൾ പ്രാഥമിക സഹകരണസംഘങ്ങൾ മുഖേന കർഷകർക്ക് 4% നിരക്കിൽ കാർഷിക വായ്പകൾ നൽകിവരുന്നു. നെൽകൃഷിക്കായി സംസ്ഥാന കൃഷി വകുപ്പുമായി സഹകരിച്ച് പലിശ രഹിത വായ്പ നൽകിവരുന്നു. |

| | | | |
|---|---|---|---|
| (ബി) | കേന്ദ്രസർക്കാരിന്റെ വികലമായ നയങ്ങളുടെ ഭാഗമായി കാർഷിക വായ്പാ മേഖലയിൽ സഹകരണ ബാങ്കുകൾ അവഗണിക്കപ്പെടുകയും സ്വകാര്യ-പുതുതലമുറ ബാങ്കുകൾക്ക് അമിത പ്രാധാന്യം കൈവരുകയും ചെയ്യുന്ന സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ; | (ബി) | സഹകരണ മേഖലയിൽ കാർഷിക സ്വർണ്ണപണയ വായ്പകൾ മറ്റ് ദേശസാത്കൃത ബാങ്കുകൾ വിതരണം ചെയ്യുന്നതുപോലെ സഹകരണ ബാങ്കുകൾക്ക് വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. |
| (സി) | സഹകരണ സംഘങ്ങൾ വഴി നെൽകൃഷി, പച്ചക്കറി കൃഷി തുടങ്ങിയവയ്ക്കായുള്ള ഹ്രസ്വകാല കാർഷിക വായ്പാ വിതരണം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി ഉത്തേജന പലിശ ഇളവ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ നെൽകൃഷി, പച്ചക്കറി കൃഷി തുടങ്ങിയവയക്ക് സർവ്വീസ് സഹകരണ ബാങ്കുകൾ വഴി ക്യാഷ് ക്രെഡിറ്റായി ഹ്രസ്വകാല കാർഷിക വായ്പ വിതരണം ചെയ്ത് വരുന്നുണ്ട്. |
| (ഡി) | വിത്ത്, വളം, കാർഷികോപകരണങ്ങൾ എന്നിവയുടെ വിതരണത്തിനും കാർഷികോത്പന്നങ്ങളുടെ സംഭരണം, വിപണനം എന്നിവ നടത്തുന്നതിനും സഹകരണ സ്ഥാപനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തമ്മിലുള്ള യോജിച്ചുള്ള പ്രവർത്തനം സാധ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേനയുള്ള കാർഷിക വായ്പാ വിതരണം, കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കൽ എന്നീ ഉദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയം ഭരണ വകുപ്പുമായി സഹകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട് |

സെക്ഷൻ ഓഫീസർ